കേരള സർക്കാർ

# ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.ഇ.കെ.എം(പി6)1632/2018

തീയതി : 14.09.2018

ജോയിന്റ് ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പംഅയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.
(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.
നം.കെ.എസ്.എ.ഇ.കെ.എം (പി6)1632/2018 തീയതി : 14.09.2018
.

# എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 6അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ജയ സി. ആർ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5-7-18 മുതൽ 17-7-18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ |
| | ഉമ ജി., അസി.ഓഡിറ്റ് ഓഫീസർ |
| | ഷെഫീക്ക് എം., സീനി. ഗ്രേഡ് ഓഡിറ്റർ<br>ഷിബു പൗലോസ്, സീനി.ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ജലജമോഹൻ | 01.4.17 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീ പി.കെ. മനോജ്കുമാർ | 01.4.17 | 31.3.2018 |

സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്

| | | | |
|---|---|---|---|
| ധനകാര്യം | ശ്രീ പി.കെ. മനോജ്കുമാർ | 01.4.17 | 31.3.2018 |
| വികസന കാര്യം | ശ്രീമതിശൈലജഅഷറഫ് | 01.4.17 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീശാന്തകുമാർ | 01.4.17 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതിബീനമുകുന്ദൻ | 01.4.17 | 31.3.2018 |

.

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | സുജിത്ത്കരുൺ | 1-4-17 മുതൽ 2-8-17 FN വരെ |
| | സമീന. ബീ | 2-8-17ANമുതൽ 31-3-18വരെ |
| അസി.സെക്രട്ടറി | ബീന വർഗ്ഗീസ് | 1-4-17 മുതൽ 31-3-18വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്,സി | വിപിൻ മോഹൻ | 1-4-17 മുതൽ 31-3-18വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | എ.കെ.റാണി | 1-4-17 മുതൽ 31-3-18വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജയ | 1-4-17 മുതൽ 16-6-17വരെ |
| | ഷൈമ | 17-6-17മുതൽ 31-3-18 |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | പ്രദീപ് | 1-4-17 മുതൽ 3-10-17വരെ |
| | ശോഭിനി | 4-10-17മുതൽ 31-3-18വരെ |
| കൃഷി ഓഫീസർ | സതീഷ് കുമാർ | 1-4-17 മുതൽ 22-7-17വരെ |
| | സീന | 23-7-17മുതൽ 31-3-18വരെ |
| വെറ്ററിനറി സർജൻ | സലിം കെ മണിക് ഫാൻ | 1-4-17 മുതൽ 3-6-17വരെ |
| | സൈറക്കുറുപ്പ് | 4-6-17 മുതൽ 16-8-17വരെ |
| | ശീതൾ വിമോഹൻ | 17-8-17 മുതൽ 23-10-17വരെ |
| | എബ്രഹാം റാഫേൽ | 24-10-17 മുതൽ 31-3-18വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആമ്പല്ലൂർ | രാജേഷ് കുമാർ | 1-4-17 മുതൽ 17-4-17FNവരെ |
| | രാജി | 17-4-17 AN മുതൽ 31-3-18വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കുലയറ്റിക്കര | സിബിൻ | 1-4-17 മുതൽ 31-3-18വരെ |
| ഐ.സി,ഡി.എസ് സൂപ്പർ വൈസർ | ശുഭ കെ നായർ | 1-4-17 മുതൽ 31-3-18വരെ |
| ഹെഡ്മിസ്ട്രസ്സ് കാഞ്ഞിരമറ്റം ജി.എൽ.പി.എസ് | ജിഷരാജ് | 1-4-17AN മുതൽ 5-6-17 FNവരെ |
| | ആലീസ്എബ്റഹാം | 5.6.17AN മുതൽ 31-3-18 FNവരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | .തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകത | 1-12 |
| | ഭാഗം - 2 | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, നഷ്ടം 16250/- | 2-1 |
| | ഭാഗം – 3 | |
| 14 | 63-ാം നം. അങ്കണവാടി നിർമ്മാണം- ആരംഭിച്ചില്ല | 3-1 |
| 15 | കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിൽ കാലതാമസം | 3-2 |
| 16 | കുലയറ്റിക്കര എസ് സി കോളനി പൊതു ശ്മശാനം നിർമ്മാണം പൂർത്തിയാക്കിയില്ല | 3-3 |
| 17 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ- പൂർത്തികരണ സർട്ടിഫിക്കറ്റ് ലഭിക്കാത്തത് | 3-4 |
| | ഭാഗം - 4 | |
| 18 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 21 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 22 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 25 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4--8 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2017-18 | അനുബന്ധം.1 |
| 29 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്- 2017-18 | അനുബന്ധം.2 |

| | | |
|---|---|---|
| 30 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് 2017-18 | അനുബന്ധം.3 |
| 31 | ബാലൻസ് ഷീറ്റ് 2017-18 | അനുബന്ധം.4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

.

2017-18 വർഷത്തെ ബജറ്റ് 25.03.2017ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 28.04.2018 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

.

വാർഷിക കണക്കുകൾ പരിശോധിച്ചു. വിശദാംശങ്ങൾ ഖ 1-12ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11749245 |
| വരവ് | 62918517 |
| ആകെ | 74667762 |
| ചെലവ് | 60719126 |
| നീക്കിയിരിപ്പ് | 13948636 |

.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

.

| ഫണ്ടിനം | ഓ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. | ചെലവഴിക്കാത്ത |
|---|---|---|---|---|---|---|

| | | | | | | തുക |
|---|---|---|---|---|---|---|
| വി.ഫ.ജനറൽ | 0 | 12832090 | 12832090 | 12213042 | 0 | 619048 |
| വി.ഫ.എസ്സ്.സി.പി | 0 | 6721467 | 6721467 | 5238232 | 0 | 1483235 |
| വി.ഫ.ടി.എസ്സ്.പി | 0 | 5999 | 5999 | 0 | 0 | 5999 |
| മെയ്ന്റനൻസ് റോഡ് | 0 | 9441528 | 9441528 | 8872809 | 0 | 568719 |
| മെയ്ന്റനൻസ് നോൺ റോഡ് | 0 | 2765000 | 2765000 | 2678015 | 0 | 86985 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5994011 | 5994011 | 5909534 | 0 | 84477 |
| കെ.എൽ.എസ്സ്.ജി.ഡി.പി | 0 | 785782 | 785782 | 785782 | 0 | 0 |
| എസ്.ബി.ഐ ഓൺ ഫണ്ട് | 4719222 | 11078155 | 15797377 | 10577483 | 5219894 | 0 |
| എസ്.ബി.ഐ ഇ പേമെന്റ് | 0 | 46459 | 46459 | 633 | 45826 | 0 |
| ഇ.ഡി.സി.ബി മുളന്തുരുത്തി | 2562917 | 42715 | 2605632 | 2233482 | 372150 | 0 |
| എസ്.റ്റി.എസ്.ബി3 | 3835244 | 10388790 | 14224034 | 10304232 | 3919802 | 0 |
| എസ്സ്.ബി.റ്റി ഡിസ്ട്രസ് റിലീഫ് ഫണ്ട് | 24384 | 7762 | 32146 | 368 | 31778 | 0 |
| എ.എൻ.ആർ.ഇ.ജി.എസ് | 9132 | 17189474 | 17198606 | 17190584 | 8022 | 0 |
| സാലറി അക്കൌണ്ട് യൂണിയൻ ബാങ്ക് | 0 | 3145275 | 3145275 | 3122456 | 22819 | 0 |
| ട്രഷറി TSB ജോയിന്റ് വെൻചർ | 0 | 5430800 | 5430800 | 1450000 | 3980800 | 0 |
| ജനകീയ ഭവനം | 16336 | 633 | 16969 | 0 | 16969 | 0 |
| ബി ഫണ്ട് | 0 | 40426100 | 40426100 | 40426100 | 0 | 0 |
| ക്യാഷ് | 126990 | | | | 107406 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 455020 | 224180 | 679200 | 480030 | 199170 | 0 |
| ലൈഫ് ഹൌസിംഗ് സ്കീം | 0 | 34000 | 34000 | 10000 | 24000 | 0 |

## 1-6 പദ്ധതി അവലോകനം

.

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2017-18 | 153 | 135 | NIL | 18 | 88.23 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9132 | 996485 | 1005617 | 997595 | 8022 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00.00 | 16192989 | 16192989 | 16192989 | 00.00 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65760 | 111 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 9481300 | 816 |
| വിധവാ പെൻഷൻ | 10235700 | 872 |
| വാർദ്ധക്യകാല പെൻഷൻ | 16923000 | 1347 |
| വികലാംഗപെൻഷൻ | 3354300 | 275 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 431800 | 49 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2018 ന് അസി. സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5045/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം.

ആസ്തി രജിസ്റ്ററിന്റെ പരിപാലനം പൂർണ്ണമായും തൃപ്തികരമല്ല. പഞ്ചായത്തിന്റെ കണക്കുകൾ സാംഖ്യയിലേക്ക് മാറുന്നതിന് മുമ്പുള്ള ആസ്തി വിവരങ്ങൾ പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടില്ല. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലങ്ങൾ ഇനിയും ആസ്തിയിൽ ഉൾപ്പെടുത്താവാൻ

അവശേഷിക്കുന്നു.

*പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം*

ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മറ്റി - 2017-18 വർഷം 12 തവണ യോഗം ചേർന്നു. വർഷാദ്യം ചേർന്ന യോഗത്തിൽ ടി കമ്മറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള പ്രോജക്ടുകൾ അംഗീകരിച്ച് വികസനകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയുടെ പരിഗണനയ്ക്ക് ശുപാർശ ചെയ്തു. ടി കമ്മറ്റിയുടെ ബാക്കിയുള്ള തീരുമാനങ്ങൾ എല്ലാം തന്നെ ക്ഷേമപെൻഷനുകൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയുമായി ബന്ധപ്പെട്ടുള്ളവയായിരുന്നു.

. ടി കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാമൂഹ്യക്ഷേമം, വനിതാവികസനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം എന്നിവയാണ്. കമ്മറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വി.ഇ.ഓ., അസി. സെക്രട്ടറി എന്നിവരാണ്.

ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ്കമ്മറ്റി - 2017-18 വർഷം 12 തവണ യോഗം ചേർന്നു. ടി കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാന്ത്വന പരിചരണം, മാലിന്യ സംസ്കരണം, വിദ്യാഭ്യാസം എന്നിവയാണ്. കമ്മറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണഉദ്യോഗസ്ഥർ എച്ച്.എം., മെഡിക്കൽ ഓഫീസർമാർ എന്നിവരാണ്.

വികസനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി - 2017-18 വർഷം 13 തവണ യോഗം ചേർന്നു. ആദ്യ യോഗങ്ങളിൽ 17-18ലെ വാർഷികപദ്ധതിയുടെ കരട് നിർദ്ദേശങ്ങൾ അംഗീകരിക്കുകയും, സർക്കാർ ഉത്തരവ് പ്രകാരമുള്ള മുൻഗണന / അർഹത മാനദണ്ഡങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. പദ്ധതി നടത്തിപ്പ് പുരോഗമിക്കുന്നതിനനുസരിച്ച് പ്രോജക്ട് ഭേദഗതികളും ഉപേക്ഷിച്ച പ്രോജക്ടുകൾക്ക് പകരമുള്ള പ്രോജക്ടുകളും അംഗീകരിച്ചു.

. ടി കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ പൊതു വിഷയങ്ങൾ - കൃഷി, ചെറുകിട ജലസേചനം, സാമൂഹ്യവനവൽക്കരണം - പൊതുമരാമത്ത് (പശ്ചാത്തലവികസനം), കെട്ടിടനിർമ്മാണ പെർമിറ്റ്, ഊർജ്ജം - മൃഗസംരക്ഷണവും ക്ഷീരവികസനവും - മത്സ്യമേഖല എന്നിവയാണ്. കമ്മറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണഉദ്യോഗസ്ഥർ കൃഷി ഓഫീസർ, എ.ഇ., വെറ്ററിനറി സർജൻ, ഡയറിഫാം ഇൻസ്ട്രക്ടർ, ഫിഷറീസ് എന്നിവരാണ്.

ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി - 2017-18 വർഷം 13 തവണ യോഗം ചേർന്നു. ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് പഞ്ചായത്ത് ഭരണസമിതിയിൽ അവതരിപ്പിച്ചു. മാസം തോറുമുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചു. പൊളിച്ചുകളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനുള്ള തീരുമാനം എടുത്തു.

. ടി കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ ബജറ്റ്, തനത് വരുമാനങ്ങൾ, പൊതുഭരണം, രസീത് പരിശോധന എന്നിവയാണ്. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും വരവ് ചെലവുകളും നിരീക്ഷിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക, ബജറ്റിനനുസരിച്ച് വരവ്ചെലവുകൾ ക്രമീകരിക്കുക, പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ധനസ്രോതസ്സ് വരുമാനം കണ്ടെത്തുക എന്നിവ ടി കമ്മറ്റിയുടെ ഉത്തരവാദിത്തമാണ്.

കമ്മറ്റികൾക്ക് ചുമതലയിലുള്ള വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളൊന്നും നടക്കുന്നില്ല. കമ്മറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകളെ സംബന്ധിച്ച ചർച്ചകളോ വിലയിരുത്തലുകളോ നടത്തുകയോ, നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. നിയമത്തിന്റെയും, ചട്ടങ്ങളുടെയും, സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ആവശ്യമായ പ്രോജക്ടുകൾ ശുപാർശ ചെയ്യുന്നതിനും, ഏറ്റെടുത്ത പ്രോജക്ടുകൾ യഥാവിധി നടപ്പാക്കുന്നുവെന്നും ഫലപ്രാപ്തിയിൽ എത്തുന്നുവെന്നും ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട

സ്റ്റാന്റിംഗ്കമ്മറ്റികൾക്കുണ്ട്. സ്റ്റാന്റിംഗ്കമ്മറ്റികൾ യഥാവിധി പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിന് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുവാൻ കഴിയും.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31-5-18 | 5/18 | Pau-1/17/18 dt 26-6-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-3-18 | 2012-13 to 2016-17 | A.B.A.H.Q/II /III/8A-3/18-19/5 dt1-5-18 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ.

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡിസിബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാന അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .നഷ്ടം 16250/-

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പര് | ഓരോ അർദ്ധവർഷം ഈടാക്കേണ്ട നികുതി | | ആകെ |
|---|---|---|---|
| | അർദ്ധ വർഷം 1 | അർദ്ധ വർഷം 2 | |
| കാനറ ബാങ്ക് അരയൻകാവ് ബ്രാഞ്ച് | 1250 | ----- | 1250 |
| മുത്തൂറ്റ് ഫിൻകോർപ്പ്,കാഞ്ഞിരമറ്റം. | 1250 | 1250 | 2500 |
| യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, ആമ്പല്ലൂർ | 1250 | 1250 | 2500 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കാഞ്ഞിരമറ്റം. | 1250 | | 1250 |
| സൌത്ത് ഇൻഡ്യൻ ബാങ്ക് കാഞ്ഞിരമറ്റം. | 1250 | 1250 | 2500 |

| | | | |
|---|---|---|---|
| പീപ്പിൾസ് അർബൻ കോ.ഓ. ബാങ്ക് | 1250 | | 1250 |
| കീച്ചേരി കോ.ഓ.ബാങ്ക് | 1250 | 1250 | 2500 |
| ആമ്പല്ലൂർ സർവീസ് സഹകരണ ബാങ്ക് | 1250 | 1250 | 2500 |
| | 10000 | 6250 | 16250 |

മേൽപ്രകാരം നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. മേൽപ്രകാരമുള്ള നികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 63-ാം നം.അങ്കണവാടി നിർമ്മാണം- ആരംഭിച്ചില്ല

പഞ്ചായത്തിലെ 63-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 5ലക്ഷം രൂപ ICDS central share ഉം 5ലക്ഷം രൂപ ബ്ലോക്ക് ഷെയറും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയിരുന്നു. (പ്രോജക്ട് നം.118/18). ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 423300- രൂപ വിഹിതം ലഭിച്ചുവെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചില്ല. പ്രസ്തുത അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്ന സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിലേക്ക് നാളിതുവരെ ചേർത്ത് ലഭിക്കാത്തതിനാലാണ് നിർമ്മാണം ആരംഭിക്കാതിരുന്നത് എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അസി. എഞ്ചിനീയർ അറിയിച്ചു. സർവ്വെ നം. 63/13ലുള്ള ടി സ്ഥലം 03/12/14ൽ ശ്രീമതി. മറിയാമ്മ ജേക്കബ്, കാലായിത്തടത്തിൽ പഞ്ചായത്തിന് വിട്ടു നൽകിയതാണ്. 17/12/15ൽ സ്ഥലം പഞ്ചായത്തിന്റെ പേരിലാക്കുന്നതിനുള്ള അപേക്ഷ ഫോർട്ട് കൊച്ചി ആർ.ഡി.ഒ.യ്ക്ക് നൽകിയെങ്കിലും നാളിതുവരെ സ്ഥലം പഞ്ചായത്തിന്റെ പേരിൽ ചേർത്തു കിട്ടിയിട്ടില്ല. ഈ കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് ക്ഷേമകാര്യ/വികസനകാര്യസമിതികൾ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയും ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-2 കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിൽ കാലതാമസം

പ്രോജക്ട് നം -168/18 ( കൃഷി ഭവന് കമ്പ്യൂട്ടർ, യു.പി.എസ്. വാങ്ങൽ)
നിർവഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ
ചെലവഴിച്ച തുക -38533 രൂ, ബിൽ നം 19/17-18,27-3-18(9050രൂപ),20/17-18,27-3-18(29483രൂപ)

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ (1) ലഭ്യമാക്കാൻ കെൽട്രോണിന് 38533- രൂപ നല്കി. എന്നാൽ നാളിതുവരെ കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാക്കാൻ സത്വര നടപടി സ്വകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-3 കുലയറ്റിക്കര എസ് സി കോളനി പൊതു ശ്മശാനം നിർമ്മാണം പൂർത്തിയാക്കിയില്ല

ഏഴാം വാർഡിലെ കുലയറ്റിക്കര എസ് സി കോളനിയിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിന് 20ലക്ഷം രൂപ വകയിരുത്തി 2013-14ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. സ്ഥലം മണ്ണിട്ടുയർത്തി, ചുറ്റമതിൽ കെട്ടി, കോളം സ്ലക്ച്ചറോടുകൂടിയ കെട്ടിടം നിർമ്മിക്കുവാൻ തയ്യാറാക്കിയ ടി എസ്റ്റിമേറ്റിൽ ബർണ്ണർ സ്ഥാപിക്കുവാൻ തുക വകയിരുത്തിയിരുന്നില്ല. 2016-17ൽ പൂർത്തിയാക്കിയ ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയത് 17-18ലാണ്. (ആകെ പ്രവൃത്തിമൂല്യം -19,93,647-, അവസാന ബിൽ തുക-6,69,832-)

അസി. എഞ്ചിനിയറാണ് പ്രവൃത്തി നിർവ്വഹിച്ചത്.

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് കോസ്റ്റ് ഫോർഡ് ആണെന്നും ബർണ്ണർ സ്ഥാപിക്കുന്നതിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നില്ലെന്നും അസി. എഞ്ചിനിയർ മറുപടി മൽകി. 2017-18ൽ ബർണ്ണർ സ്ഥാപിക്കുന്നതിന് 2ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എങ്കിലും 25ലക്ഷം രൂപ ചെലവ് വരുമെന്ന് കോസ്റ്റ്ഫോർഡിൽ നിന്ന് അറിഞ്ഞതിനാലും ഇത്രയും തുക നൽകി ബർണ്ണർ സ്ഥാപിക്കുന്നതിൽ പ്രദേശവാസികൾ എതിർപ്പ് പ്രകടിപ്പിച്ചതിനാലും ടി പദ്ധതി ഉപേക്ഷിച്ചു. തുടർന്ന് പോർട്ടബിൾ ഗ്യാസ് ബർണ്ണർ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥൻ ആയി 2018-19ൽ 5,94,200-രൂപയുടെ പദ്ധതി (പ്രോ. നം.114/19) തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തി യഥാസമയം പൂർത്തിയാക്കി ശ്മശാനം ഉപയോഗപ്രദമാക്കുന്നതിന് ക്ഷേമകാര്യ/വികസനകാര്യ സ്റ്റാന്റിംഗ്കമ്മറ്റികൾ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 3-4 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ- പൂർത്തികരണ സർട്ടിഫിക്കറ്റ് ലഭിക്കാത്തത്

.

. 2017-2018 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ | എസ് 081/18 (1) | എസ് 146/18 (2) | എസ് 061/18 (3) |
|---|---|---|---|
| പേര് | പൈപ്പ് ലൈൻ നീട്ടൽ | ആക്കാപ്പനം അങ്കണവാടി പൈപ്പ് ലൈൻ നീട്ടൽ | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 500000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 102000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 588685/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 500000/- | 102000/- | 588685/- |
| ബിൽ നമ്പർ | 15/17-18/10.09.17 | 0 /16-17/21.03.17 | 21/17-18/24.01.18 |
| കൈപ്പറ്റ് രസീത് നമ്പർ | ഫണ്ട് ട്രാൻസ്ഫർ മുഖേന | ഫണ്ട് ട്രാൻസ്ഫർ മുഖേന | ഫണ്ട് ട്രാൻസ്ഫർ മുഖേന |

. പദ്ധതികൾ യഥാസമയം പൂർത്തീകരിച്ചു എന്നുറപ്പ് വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി | 2017-18 | 423300 | ആറാം വാർഡിലെ അങ്കണവാടി കെട്ടിട നിർമ്മാണം | 0 | 423300 |
| ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി | 2017-18 | 250000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി | 2017-18 | 100000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് മുളന്തുരുത്തി | 2017-18 | 557500 | ലൈഫ് ഹൗസിംഗ് സ്കീം | 0 | 557500 |
| ജില്ലാ പഞ്ചായത്ത് എറണാകുളം | 2017-18 | 250000 | വികലാംഗ വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് എറണാകുളം | 2017-18 | 850000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 850000 | 0 |
| ജില്ലാ പഞ്ചായത്ത് എറണാകുളം | 2017-18 | 3000000 | ലൈഫ് ഹൗസിംഗ് സ്കീം | | 3000000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ മൂവാറ്റുപുഴ | ആമ്പല്ലൂർ വർക്സ് ഷെഡ് വാട്ടർകണക്ഷൻ എടുക്കൽ | ഫണ്ട് ട്രാൻസ്ഫർ മുഖേന | 11000 | 0 | 11000 |
| കേരളാ വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ മൂവാറ്റുപുഴ | പൈപ്പ് ലൈൻ നീട്ടൽ | ഫണ്ട് ട്രാൻസ്ഫർ മുഖേന | 500000 | 0 | 500000 |
| കേരളാ വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ മൂവാറ്റുപുഴ | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | ഫണ്ട് ട്രാൻസ്ഫർ മുഖേന | 588685 | 0 | 588685 |
| കേരളാ വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ മൂവാറ്റുപുഴ | ആക്കാപ്പനം ആംഗനവാടിക്ക് വാട്ടർ കണക്ഷൻ എടുക്കൽ | ഫണ്ട് ട്രാൻസ്ഫർ മുഖേന | 102000 | 0 | 102000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | | 8733305 | 1468299 | 753884 | | 714415 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1107582 |
| തൻവർഷം നിക്ഷേപിച്ച തുക | 92004 |
| ആകെ | 1199586 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1199586 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD8686/16 /01.0717, കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 485243 |
| 15720/05.09.2012കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 344583 |
| എറണാകുളം ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് 014385000000003/19.06.17 | 369780 |
| ആകെ | 1199586 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1474/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3-6(c) | 1474/- | വിജയ കെ.ആർ. ICDSസൂപ്പർവൈസർ | 117020106310 /06.02.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,29,18,517 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,07,19,126 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | --- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | റിപ്പോർട്ട് നമ്പർ |
|---|---|
| 1998-99 | P438/2000/21.10.2000 |
| 1999-2000 | P41258/01/05.08.02 |
| 2000-2001 | P460/03/01.09.03 |
| 2002-2003 | P4 638/04/05.02.05 |
| 2003-2004 | P6 1262/09/16.11.10/05.03.11 |
| 2004-2005 | P6 1263/09/27.11.10 |
| 2005-2006 | P61264 /02010/27.11.10 |
| 2006-2007 | P6 1265/10/27.11.10 |
| 2007-2008 | P2 1266/09.04.12 |
| 2008-2009 | P6 1661/11/21.07.12/10.08.12 |
| 2009-2010 | P6 1671/11/21.07.12/10.08.12 |
| 2010-2011 , | P6 813/13/22.06.13/05.07.13 |

| | |
|---|---|
| 2011-2012 | |
| 2012-2013 | P6 489/14/17.05.14 |
| 2013-2014,<br>2014-2015 | P6 1987/15/08.01.16 |
| 2015-2016 | P6 1900/2016/30.11.16 |
| 2016-2017 | P6 1406/17/27.07.17/26.09.17 |

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഇ.കെ.എം(പി6)1632/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം. 0484 2422271,

deoekm.ksad@kerala.gov.in

തീയതി:14.09.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

KSA-EKM(P6)1632/2018

Kerala State Audit Department,

District Audit Office, Ernakulam, 0484 2422271,

deoekm.ksad@kerala.gov.in

Date:14.09.2018

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Amballur Grama panchayat in Ernakulam district for the year ended on 31.3.2018 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Amballur Grama panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director